(ഡി) പദ്ധതിയുടെ നടത്തിപ്പിനും പരിപാലനത്തിനും ആകെ ആവശ്യമായി വരുന്ന ഉക എത്രയെന്ന് കണക്കാക്കി അതനുസരിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾതന്നെയാണ് ഓരോരുത്തരും എത്ര രൂപയാണ് നൽകേണ്ടതെന്ന് തീരുമാനിക്കുന്നത്.

(ഇ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര പദ്ധതിയുടെ ആദ്യഘട്ട കമ്മീഷനിംഗ് 09/2015-ൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കടിവെള്ള പദ്ധതി

228 (893) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ KWA-JICA പദ്ധതിയുടെ ഭാഗമായി 11, 12, 13 വാർഡുകളിൽ, വാട്ടർ കണക്ഷൻ അനുവദിക്കുന്നതിന് ഗുണഭോക്താക്കളെക്കൊണ്ട് ഫീസ് അടപ്പിക്കുകയും നിർവ്വഹണ ഘട്ടത്തിൽ അവർ ഒഴിവാക്കപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഗുണഭോക്താക്കളെക്കൂടി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ഇത് സംബന്ധിച്ച വിശദീകരണം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുന്നപക്ഷം ജൈക്ക പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽനിന്നും വിവരം നൽകുന്നതാണ്.

മുൻകൂർ വാട്ടർചാർജ്ജ്

229 (894) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയിൽ ഗുണഭോക്താക്കളിൽനിന്നും വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം എത്ര രൂപ വീതമാണ് ഈടാക്കുന്നതെന്ന് അറിയിക്കുമോ ; വാട്ടർ ചാർജ്ജ് മുൻകൂറായി വാങ്ങാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly